നമ്പർ: സി.ജി(2) 5899/10

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 13/1/2011.

Email : Kerala rcs@gmail.com
*Website : www co-operation. kerala.gov.in*
Tel : No. 0471 2330726

## സർക്കുലർ നമ്പർ 7/2011.

വിഷയം :- സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കയർ തൊഴിലാളികൾ, കയർ ഉൽപാദകർ, കയർ സഹകരണ സംഘങ്ങൾ എന്നിവർ എടുത്തിട്ടുള്ള വായ്പകൾ കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതി – പലിശ ഇളവ് – മൊറട്ടോറിയം – ജപ്തി നടപടി നിർത്തിവയ്ക്കുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന :-
1. 23-1-2010-ലെ സ.ഉ. (കൈ) 22/10/വ്യവ/നമ്പർ ഉത്തരവ്.
2. 3-1-2011-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
3. സഹകരണ സംഘം രജിസ്ട്രാറുടെ 6/11/ നമ്പർ സർക്കുലർ.

------------

കയർ വ്യവസായം തുടങ്ങുന്നതിന് സ്ഥിരമൂലധനമായോ പ്രവർത്തന മൂലധനമായോ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കയർ ഉൽപാദകർ, കയർ തൊഴിലാളികൾ, കയർ സഹകരണ സംഘങ്ങൾ എന്നിവർക്ക് കടാശ്വാസം അനുവദിച്ച് സൂചന(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ തൊഴിലാളികൾ, കയർ ഉൽപാദകർ, കയർ സഹകരണ സംഘങ്ങൾ എന്നിവരുടെ സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയിലെ എല്ലാ ജപ്തി നടപടികളും 2011 ജൂൺ 30 വരെ നിർത്തിവയ്ക്കുന്നതിനും സൂചന(2) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

മേൽ പരാമർശ ഉത്തരവിന്റെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കയർ തൊഴിലാളികൾ, കയർ ഉൽപാദകർ, കയർ സഹകരണ സംഘങ്ങൾ എന്നിവർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ സൂചന(3) സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 28-2-2011 നകം അടച്ചുതീർക്കുന്നതിന് അനുവദിക്കുന്നു.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കയർ തൊഴിലാളികൾ, കയർ ഉൽപാദകർ, കയർ സഹകരണ സംഘങ്ങൾ എന്നിവർ എടുത്തിട്ടുള്ളതും 30-6-2010 ൽ കാലാവധി അവസാനിച്ച് കുടിശ്ശികയായതുമായ വായപകളിൽ കുടിശ്ശിക പിരിച്ചെടു

ക്കുന്നതിന് ജപ്തി ഉൾപ്പെടെയുള്ള നിയമനടപടികൾ 30-6-2011- വരെ നിർത്തിവെച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ടി നിർദ്ദേശം എല്ലാ സഹകരണസംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. ഡയറക്ടർ, കയർ വികസന വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്., കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റർ) മാർക്കും
7. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ/ കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്/ ജില്ലാ സഹകരണ ബാങ്കുകൾ.
8. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ.
9. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും ജോയിന്റ് രജിസ്ട്രാർ മുഖേന.
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്).
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
13. സ്റ്റോക്ക് ഫയൽ/സ്പെയർ.
14. വെബ് സൈറ്റ്.

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)

ks